പതിമൂന്നാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : 1834 — 22.03.2012-ൽ മറുപടി നൽകേണ്ടിയിരുന്നത്.

## ഗാർഹിക പീഡനനിരോധന നിയമത്തിനായി പ്രത്യേക കോടതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. ശശി | ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) |
| (എ) ഗാർഹിക പീഡന നിരോധന നിയമം അനുസരിച്ച് സംസ്ഥാനത്തെ കോടതികളിൽ 2009 മുതൽ 3 വർഷം ഫയൽ ചെയ്ത കേസുകളുടെ എണ്ണം വർഷം തിരിച്ച് വ്യക്തമാക്കുമോ ;<br>(ബി) ഫയൽ ചെയ്ത കേസുകളിൽ ഇടക്കാല ഉത്തരവിന്റെ അടിസ്ഥാനത്തിൽ തീർപ്പാക്കപ്പെട്ട കേസുകളുടെ എണ്ണം 2009 മുതലുള്ള 3 വർഷത്തെ കണക്ക് വർഷം തിരിച്ച് ലഭ്യമാക്കാമോ ; | : (എ) & (ബി)<br>**2009**-ൽ ഫയൽ ചെയ്ത **5027** കേസുകളിൽ **2985** ഉം, **2010**-ൽ ഫയൽ ചെയ്ത **6243** കേസുകളിൽ **3302** ഉം **2011**-ൽ ഫയൽ ചെയ്ത **7239** കേസുകളിൽ **3018** ഉം തീർപ്പാക്കിയിട്ടുണ്ട്. |
| (സി) ഈ നിയമമനുസരിച്ച് നീതിതേടുമ്പോൾ, നീതിലഭിക്കാൻ കാലതാമസം ഉണ്ടാകുന്നുവെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;<br>(ഡി) എങ്കിൽ കാലതാമസം ഒഴിവാക്കാൻ ജില്ലകൾതോറും പ്രത്യേക കോടതികൾ സ്ഥാപിക്കണമെന്ന നിർദ്ദേശം നടപ്പാക്കാൻ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ ? | : (സി) & (ഡി) ഉണ്ട് ;<br>ഇത്തരം കേസ്സുകൾ വേഗം തീർപ്പാക്കുന്നതിനായി എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും മജിസ്ട്രേറ്റ് കോടതികൾ സ്ഥാപിക്കണമെന്ന ഹൈക്കോടതി നിർദ്ദേശം സർക്കാർ പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ